## (16.) ഇലന്തൂർ സെന്റ് പാട്രിക്ക് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ആഗോള കത്തോലിക്കാ സഭയുമായി ഭാഗ്യസ്മരണീയനായ മാർ ഇവാനിയോസ് പിതാവ് പുനരൈക്യപ്പെട്ട്, സഭാ ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണ ലിപികളിൽ രേഖപ്പെടുത്തിയ പുനരൈക്യപ്രസ്ഥാനത്തിനും മുമ്പുള്ളതാണ് ഇലന്തൂർ മലങ്കര കത്തോലിക്കാ ഇടവകയുടെ ചരിത്രം.

1926-ൽ സത്യവിശ്വാസത്തെ തിരിച്ചറിഞ്ഞ് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ഓർത്തഡോക്സ് സഭയിലെ വൈദിക ശ്രേഷ്ഠനായിരുന്ന പുത്തൻപീടികയിലെ ഗീവർഗീസ് പീടികയിച്ചന്റെ പുനരൈക്യപ്രവർത്തനം തന്റെ കുടുംബ ബന്ധമുള്ള ഇലന്തൂർ പ്രദേശത്ത് തീഷ്ണമായി നടന്നിരുന്നു. തൽഫലമായി വടക്കേക്കര ഇടിച്ചെറിയാ തോമസ് അച്ചന്റ അനുജൻ ഉണ്ണൂണ്ണി ആദ്യമായി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ഇക്കാലയളവിൽ തന്നെ കൊല്ലന്റേത്ത് തോമസ് പതാലിൽ അച്ചനും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടിരുന്നു.

കൊല്ലം ബിഷപ്പ് അഭിവന്ദ്യ അലോഷ്യസ് മരിയ ബൻസിഗർ പിതാവിന്റെ പ്രത്യേക അനുമതിയോടുകൂടെ വടക്കേക്കര അച്ചന്റെ സ്ഥമായ മണലേൽ പുരിയിടത്തിൽ ഒരു കൊച്ചു ചാപ്പൽ പണിതു; പ്രസ്തുത ചാപ്പലിൽ കൊല്ലം രൂപതയിൽപ്പെട്ട വിദേശമിഷനറിയായ കർമ്മലീത്താ വൈദീകൻ ഫാ.പയസ് ഒ.സി.ഡി. ആദ്യമായി വി.ബലിയർപ്പിച്ചു. തുടർന്ന് ഇടമുറി പുരയിടത്തിൽ (ഇപ്പോഴത്തെ ബ്ലോക്ക് ആഫീസ് മുൻവശം) ഒരു ചെറിയ പള്ളി നിർമ്മിച്ച് ദിവ്യബലിയർപ്പണം നടത്തി പയസച്ചൻ ഇവിടെ താമസിച്ചുകൊണ്ട് അജപാലന ശുശ്രൂഷ നടത്തി. ഗീവർഗീസ് പീടികയിലച്ചനും തോമസ് പതാലിൽ അച്ചനും തുടർ ഞായറാഴ്ചകളിൽ ഈ ചാപ്പലിൽ ബലിയർപ്പണം നടത്തിയിരുന്നു.

1930-ൽ മലങ്കര സഭയിൽ ശാന്തിയുടെ പൊൻവെളിച്ചം പ്രകാശിപ്പിച്ചുകൊണ്ട് അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവിന്റെ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനം രൂപം കൊണ്ടു. കാലഘട്ടത്തിന്റെ പ്രചോദനമുൾക്കൊണ്ട് 1931-ൽ വടക്കേക്കര ഇടിച്ചെറിയാ തോമസ് അച്ചൻ, വടക്കേക്കര കളീക്കൽ ശ്രീ.പാപ്പി, വടക്കേക്കര മേമുറി ശ്രീ.മാമ്മൻ തോമസ്, തെങ്ങുംതറയിൽ ശ്രീ.പാപ്പി, കുളത്തുംകരോട്ട് മുരുപ്പേൽ ശ്രീ.ചെറിയാൻ, ചാമക്കാലായിൽ ശ്രീ.ഇട്ടി, കളിക്കൽ പുത്തൻപറമ്പിൽ ശ്രീ.ജോഷ്വാ എന്നിവർ കുടുംബസമേതം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തദന്തരം ഇപ്പോൾ പള്ളി നിൽക്കുന്ന കുളങ്ങരപുരയിടം കുളങ്ങര ശ്രീ.തോമ്മാച്ചനിൽ നിന്ന് വാങ്ങുകയും 1932-ൽ വടക്കേക്കര അച്ചന്റെയും പതാലിൽ അച്ചന്റെയും നേതൃത്വത്തിൽ ദേവാലയ നിർമ്മാണം നടത്തുകയും ചെയ്തു. അഭിവന്ദ്യ മാർ ഇവാനിയോസ് പിതാവ് ദൈവാലയ കൂദാശ നടത്തുകയും അയർലണ്ടിന്റെ അപ്പോസ്തോലനായ വി. പാട്രിക് പിതാവിന്റെ നാമധേയത്തിൽ ദേവാലയപ്രതിഷ്ഠ നടത്തുകയും ചെയ്തു. ഈ പള്ളിപുരയിടത്തിൽ വടക്കേക്കര അച്ചന്റെ ബസ്കിയാമ്മ മറിയാമ്മ, മകൾ തങ്കമ്മ, വടക്കേക്കര മാമ്മൻ തോമസിന്റെ ഭാര്യ മറിയാമ്മ എന്നിവരുടെ ശവസംസ്കാരം ഗീവർഗീസ് പീടികയിലച്ചന്റെ കാർമ്മീകത്വത്തിൽ നടത്തപ്പെട്ടു.

പുനരൈക്യപ്രസ്ഥാനത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയോടാപ്പം നമ്മുടെ വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും (ജറമിയാ 3-15) ജറമിയാ പ്രവാചകനെ ഇസ്രായേൽ ജനത്തിനു നൽകി ഇങ്ങനെ അരുളിചെയ്ത ദൈവം നമ്മുടെ ഇടവകയ്ക്കും ജ്ഞാനത്തോടും വിവേകത്തോടും അജപാലനം നടത്തുന്ന ഇടയന്മാരെ നൽകി നമ്മെയും അനുഗ്രഹിച്ചു.

1932 മുതൽ 1935 വരെ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചിരുന്നത്, ഈ കൂട്ടായ്മയുടെ രൂപീകരണത്തിന് ഏറ്റവും കൂടുതൽ പ്രവർത്തിച്ച് ഈ ഇടവകാംഗമായിരുന്ന വടക്കേക്കര ഇടിച്ചെറിയാ തോമസ് അച്ചനാണ്. അച്ചൻ പുനരൈക്യത്തിനുമുമ്പ് കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1937 നവംബർ മാസം 9-ാം തീയതി 42-ാം വയസ്സിൽ അച്ചൻ ദിവംഗതനായി. അച്ചന്റെ ഭൗതീക ശരീരം നമ്മുടെ ഇടവക സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

1935-ൽ ജോബ് തെങ്ങുംതറ ഒ.ഐ.സി. (പൊയ്കയിൽ ജോബച്ചൻ) ഇടവക വികാരിയായി സ്ഥാനമേറ്റു. അച്ചനും നമ്മുടെ ഇടവകാംഗമായിരുന്നു. നമ്മുടെ ഇടവകയുടെ പ്രാരംഭദിശയിൽ സഭയുടെ വളർച്ചയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച അച്ചൻ 1940 വരെ ഇവക വികാരിയായി സേവനം അനുഷ്ഠിച്ചു. ജോബ് അച്ചന്റെ കാലത്താണ് ഇലന്തൂർ നെടുവേലി ജംഗ്ഷനിൽ വടക്കേക്കര അച്ചന്റെ സ്ഥലത്ത് വലിയ കുരിശടി സ്ഥാപിതമായത്. അച്ചൻ അക്കാലത്ത് അറിയപ്പെട്ടിരുന്ന ഒരു വിഷചികിത്സാ വിദഗ്ദനായിരുന്നു. ജോബ് അച്ചൻ 1959 ഫെബ്രുവരി മാസം 18-ാം തീയതി ദിവംഗതനായി. തിരുവല്ല ബഥനി ആശ്രമസെമിത്തേരിയിൽ അച്ചന്റെ ഭൗതീക ശരീരം അടക്കം ചെയ്തു. 1940 മുതൽ 1946 വരെ ഈ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചിരുന്നത് തോമസ് ഇഞ്ചക്കലോടി അച്ചനാണ്. മലങ്കര കത്തോലിക്കാ സഭയുടെ പ്രാരംഭദിശയിൽ കാത്തോലിക്കാ വിശ്വാസ സത്യങ്ങളെ പ്രതിപാദിക്കുന്ന അനേകം പുസ്തകങ്ങൾ മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്ത് കത്തോലിക്കാ വിശ്വാസം പ്രചരിപ്പിച്ച പ്രമുഖ വൈദീകനായിരുന്നു ഇഞ്ചക്കലോടിയിച്ചൻ. സഭയിലെ അക്കാലത്തെ പ്രശസ്തനായ വാഗ്മിയും ഗ്രന്ഥ കർത്താവുമായിരുന്നു അച്ചൻ.

1946-47 കാലഘട്ടിൽ ഇടവക വികാരിയായി സേവനം അനുഷ്ഠിച്ചത് നൈനാൻ വീട്ടിനാൽ ആണ്. മാർ ഇവാനിയോസ് തിരുമേനിയുടെ കുടുംബശാഖയായ വീട്ടിനാൽ കുടുംബാംഗമായ അച്ചൻ ശാന്തസ്വഭാവിയായ ഒരു മാതൃകാ വൈദീകനായിരുന്നു. ഇദ്ദേഹത്തിന്റെ ഭൗതിക ശരീരം മാവേലിക്കര പുതിയകാവ്പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. 1947 മുതൽ 1951 വരെ ഇടവക വികാരിയായി പ്രവർത്തിച്ചത് ജേക്കബ് കിളന്നമണ്ണിലാണ്. പന്തളത്തച്ചൻ എന്ന പേരിൽ അച്ചൻ അറിയപ്പെട്ടിരുന്നു. അച്ചന്റെ ജീവിത ലാളിത്യവും നിശബ്ദമായ മിഷൻ പ്രവർത്തവും ജനങ്ങളെ വളരെയധികം സ്വാധീനിച്ചിരുന്നു. 1951 മുതൽ 1956 വരെ ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ ഈ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് പ്രസിദ്ധമായ നമ്മുടെ പള്ളിമണി സ്ഥാപിതമായത്. 1956 മുതൽ 1959 വരെ ഫാ. മാത്യു തേക്കുംകാട്ടിൽ ഇടവക വികാരിയായി പ്രവർത്തിച്ചു. ബഹു. അച്ചന്റെ സഭാസ്നേഹവും, മിഷൻ ചൈതന്യവും, നിശ്ചയദാർഢ്യംവും വിശ്വാസകാര്യങ്ങളിലെ വിട്ടുവീഴ്ചയില്ലായ്മയും എടുത്തുപറയത്തക്ക സ്വഭാവ വിശേഷതകളായിരുന്നു.

1959 മുതൽ 1963 വരെ ഈ ഇടവകയുടെ വികാരിയായി പ്രവർത്തിച്ചത് എബ്രഹാം തെക്കേടത്താണ്. ഇക്കാലത്താണ് പുതിയ പള്ളിയുടെ പണി തുടങ്ങിയത് അച്ചന്റെ കുർബ്ബാന അർപ്പണവും, കൂദാശാ അനുഷ്ഠാനങ്ങളും മലങ്കര ആരാധനാക്രമത്തിന്റെ സവിശേഷത വെളിവാക്കുന്നതായിരുന്നു. 1963 മുതൽ 1965 വരെ നമ്മുടെ ഇടവകയുടെ വികാരിയായി സേവനം അനുഷ്ഠിച്ചത് ഫാ. ജോസഫ് വാഴപ്പിള്ളേത്താണ്. സൗമ്യമായ ഇടപെടൽ, ലളിതമായ ജീവിത ശൈലി, കൃത്യനിഷ്ഠ, ആചാരാനുഷ്ഠാനങ്ങളോടുള്ള അചഞ്ചലമായ പ്രതിബദ്ധത, പ്രാർത്ഥനാ ജീവിതം എന്നിവ അച്ചന്റെ സ്വഭാവ വിശേഷതകളായിരുന്നു. 1965 മുതൽ 1969 വരെ ഇടവക വികാരിയായി പ്രവർത്തിച്ചത് ഫാ.ജോൺ പുത്തൻവിളയിലാണ്. നവവൈദീകനായി ഈ ഇടവകയിലേക്ക് കടന്നുവന്ന അച്ചന്റെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായാണ് നമ്മുടെ പുതിയ ദൈവാലയത്തിന്റെ പണിപൂർത്തീകരിക്കാൻ സാധിച്ചത്. 1967-ൽ പുതിയ ദൈവാലയത്തിന്റെ കൂദാശയും പ്രതിഷ്ഠാകർമ്മവും അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് നിർവഹിച്ചു. 1969 മെയ് മാസം 29-ാം തീയതി അച്ചൻ കാരയ്ക്കാട്ട് ഇടവക വികാരിയായി സ്ഥലം മാറി. പള്ളി പണിയുടെ കാലഘട്ടിത്തിലെല്ലാംതന്നെ വൈദീകരോടൊപ്പം അക്ഷീണം പ്രയത്നിച്ച റ്റി.എം. ചാക്കോ തേവള്ളിയേയും, ഇടവക ട്രസ്റ്റിയായിരുന്ന ഇട്ടി എബ്രഹാം ചാമക്കാലായിലിനെയും നന്ദിയോടെ സ്മരിക്കുന്നു.

1969 മെയ് മാസം മുതൽ 1975 ജൂൺ മാസം വരെ ഇടവക വികാരിയായി പ്രവർത്തിച്ചത് ജേക്കബ് ജോൺ അച്ചനാണ്. ഈ കാലഘട്ടത്തിലാണ് സെമിത്തേരി ചാപ്പൽ പണിതത്. 24.04.1971-ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് സെമിത്തേരി ചാപ്പൽ കൂദാശചെയ്തു. 1969 ഡിസംബർ 23-ാം തീയതി നമ്മുടെ പള്ളിയുടെ ആഭിമുഖ്യത്തിൽ സമീപ കത്തോലിക്ക ഇതര ഇടവകകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സംയുക്ത ക്രിസ്മസ് റാലിയും ആഘോഷവും ആ കാലഘട്ടത്തിലെ ഒരു പ്രധാന സംഭവമായിരുന്നു.

ബഹു.അച്ചന്റെ കാലഘട്ടിത്തിലാണ് ബഥനി മഠത്തിന്റെ സ്ഥലം വാങ്ങിയത്. 1975 ജൂൺ മാസം അച്ചൻ വടശ്ശേരിക്കരയിലേക്ക് സ്ഥലം മാറി. 1975-ൽ ഫാ. ജോർജ്ജ് പുറത്തൂട്ട് ഇടവക വികാരിയായി സ്ഥാനം ഏറ്റു. പള്ളിമുറ്റത്തെ സ്റ്റേജും പരിശുദ്ധ വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിലുള്ള പഴയ കുരിശ്ശൂടിയും നിർമ്മിച്ചത് അച്ചന്റെ കാലത്താണ്. 1976-ൽ ബഥനി കോൺവെന്റ് കുദാശചെയ്തതും ഈ കാലഘട്ടത്തിലാണ്. ഇന്നും ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്ന മാതൃസമാജം സ്ഥാപിതമായതും ഇക്കാലയളവിലാണ്. 1981-ൽ അച്ചൻ കീരാത്തൂർ ഇടവക വികാരിയായി സ്ഥലം മാറി. 1981-ൽ ഫാ. ജോസഫ് താഴത്തുവീട്ടിൽ ഇടവക വികാരിയായി സ്ഥാനമേറ്റു. തെക്കേമല ഗദ്സമൻ മഠം ബഹു.അച്ചന്റെ സേവന കാലത്താണ് സ്ഥാപിതമായത്. ദുഃഖവെള്ളിയാഴ്ചകളിൽ നമ്മുടെ പള്ളിയിൽ നിന്നും പുളിന്തിട്ട പള്ളിവരെയും നെല്ലാക്കാവരേയും നടത്തിയ ഭക്തിനിർഭരമായ കുരിശിന്റെ വഴി ഇപ്പോഴും വിശ്വാസികളുടെ മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മായാണ്. 1985 ജൂൺ മാസം 18-ാം തീയതി അച്ചൻ മാവേലിക്കര പുന്നമൂട് ഇടവകയിലേക്ക് സ്ഥലം മാറി. 1985 ജൂലൈ മാസം റവ.ഡോ. മാത്യൂ ഇലഞ്ഞിക്കൽ ഇടവക വികാരിയായി സ്ഥാനമേറ്റു. 1987 ഡിസംബർ 22-ാം തീയതി നമ്മുടെ ഇടവകാംഗമായ ഫാ.ക്രിസ്റ്റി തേവള്ളിലിന്റെ പൗരോഹിത്യസ്വീകരണം നമ്മുടെ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 1988 ഫെബ്രുവരി മാസം ബഹു. ഇലഞ്ഞിക്കൽ അച്ചൻ പുന്നമൂട് ഇടവകയിലേക്ക് സ്ഥലം മാറി.

1988 ഫ്രെബുവരി 14-ാം തീയതി ഫാ.സാമുവേൽ തുണ്ടിയിൽ ഇടവക വികാരിയായി സ്ഥാനമേറ്റു. 1992 ഏപ്രിൽ 1 മുതൽ 5-ാം തീയതി വരെ ഫാ. ജോയി ചിറ്റൂരിന്റെ നേതൃത്വത്തിൽ നമ്മുടെ ഇടവകയിൽ വെച്ച് നടന്ന നവീകരണ ധ്യാനത്തിൽ നാനാജാതി മതസ്ഥരായ ആയിരക്കണക്കിന് ഭക്തജനങ്ങൾ പങ്കെടുക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. ഇടവകയിലെ കാരുണ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി നമ്മുടെ പള്ളിയിൽ പ്രവർത്തനം ആരംഭിച്ചത് ഇക്കാലയളവിലാണ്. പരിശുദ്ധ പാട്രിക് പിതാവിന്റെ എണ്ണഛായ ചിത്രം ഇക്കാലത്താണ് സ്ഥാപിച്ചത്. 1993-ൽ ബഹു. അച്ചൻ മാവേലിക്കര പുതിയകാവ് പള്ളിയിലേക്ക് സ്ഥലമാറി.

1993-ൽ ഫാ. മാത്യു വാഴപ്പിള്ളേത്ത് ഇടവക വികാരിയായി സ്ഥാനമേറ്റു. മുൻവികാരിയായിരുന്ന ഫാ. ജോസഫ് വാഴപ്പിള്ളേത്തിന്റെ സഹോദരപുത്രനാണ് ഇദ്ദേഹം. അച്ചൻ ഇടവക വികാരിയായിരിക്കുമ്പോഴാണ് നമ്മുടെ സണ്ടേസ്കൂൾ കെട്ടിടത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ എക്സ്റ്റെൻഷ്യൻ കൗണ്ടർ പ്രവർത്തിക്കുവാൻ അവസരം നൽകിയത്. അതിനുശേഷം പള്ളിയുടെ തെക്കുഭാഗത്ത് റോഡിന് വലതുവശത്തായി ഉപയോഗശൂന്യമായി കിടന്ന സ്ഥലത്ത് മനോഹരമായ കെട്ടിടം പണിയുകയും സത്ത് ഇൻഡ്യൻ ബാങ്കിന്റെ ബ്രാഞ്ച് ഇവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 1996-ൽ വാളപ്പിള്ളേത്ത് അച്ചൻ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് പള്ളിയിലേക്ക് ജില്ലാവികാരിയായി സ്ഥലം മാറി. 1996-ൽ ഫാ.സഖറിയാസ് കൂഴിപ്പറമ്പിൽ ഇടവക വികാരിയായി സ്ഥാനമേറ്റു. സഖറിയാസ് അച്ചന്റെ ഭരണകാലത്താണ് ഇന്നത്തെ പ്രസ്ബിറ്ററിയുടെ നിർമ്മാണം നടന്നത്. ഇതിനുവേണ്ടി 3,66,765 രൂപ ഇടവക ജനങ്ങൾ സംഭാവനായി നൽകുകയും ബാക്കി തുക അരമനയിൽ നിന്ന് ലഭ്യമാക്കുകയും ചെയ്തു. 1998 ജൂൺ 21-ാം തീയതി അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് പ്രസ്തുത കെട്ടിടത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. 1999 ജനുവരി മാസം 5-ാം തീയതി ഇടവക ജനങ്ങളെ ദുഃഖത്തിലാഴ്തികൊണ്ട് സഖറിയാസ് അച്ചൻ ആക്മികമായി വിട്ടുപിരിഞ്ഞ് കർത്താവിൽ നിദ്രപപാപിച്ചു. അച്ചന്റെ ശവസംസ്കാരകർമ്മം അഭിവന്ദ്യരായ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ മാതൃഇടവകയായ പൂങ്കാവ് മലങ്കര കാത്തോലിക്കാ പള്ളിയിൽ നടത്തി.

1999 ജനുവരി മുതൽ ഈ ഇടവകയുടെ വികാരിയായി ഫാ.ജോഷ്വാ പീടികയിൽ ഇടവക വികാരിയായി സ്ഥാനമേറ്റു. പീടികയിൽ അച്ചന്റെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി 16,01,412/- രൂപ ഇടവക ജനത്തിൽ നന്നും സംഭാവനയായി സ്വീകരിച്ചുകൊണ്ട് നമ്മുടെ ദൈവാലയം അതിമനോഹരമായി പുതുക്കി പണിയുവാൻ സാധിച്ചു. 2003 നവംബർ മാസം 29-ാം തീയതി ദൈവാലയത്തിന്റെ പുനഃപ്രതിഷ്ഠാ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ് സിറിൽ മാർ ബസേലിയോസ് പിതാവ് നിർവവഹിച്ചു. ദൈവാലയത്തിന് യോഗ്യമായ കുരിശ്ശൂടി

എന്ന അച്ചന്റെ സ്വപ്നവും പൂർത്തീകരിക്കപ്പെട്ടു. വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ കുരിശ്ശൂടിയുടെ നിർമ്മാണത്തിന് വേണ്ടി വന്ന തുക ശ്രീ. സി.എം.മാത്യു (ബാബു) ചാമക്കാലായിൽ സംഭാവനയായി നൽകി ഇതിനോടൊപ്പം തന്നെ ജീർണ്ണാവസ്ഥയിലിരുന്ന നെടുവേലി ജംഗ്ഷനിലെ വലിയകുരിശ്ശടിയും നവീകരിച്ചു. ഇതിനുവേണ്ടി വന്ന തുക വടക്കേകര മൂത്തേരിൽ ശ്രീ.രാജു സഖറിയാ സംഭാവനയായി നൽകി. 2005 സെപ്റ്റംബർ മാസം 17-ാം തീയതി പുതിയതായി പണിത മാതാ കുരിശ്ശടിയുടെയും കൂദാശാ കർമ്മം ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായുടെയും അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെയും സഹകാർമികത്വത്തിലും നിർവഹിക്കപ്പെട്ടു. അച്ചന്റെ കാലത്ത് സെമിത്തേരിയിൽ കുടുംബകല്ലറകൾ പണിയുകയും ചാപ്പലും പരിസരവും നവീകരിക്കുകയും ചെയ്തു. ബാങ്ക് കെട്ടിടത്തിന്റെ 1-ാം നില ഈ കാലയളവിൽ പൂർത്തികരിക്കാൻ സാധിച്ചു.

പ്ലാറ്റിനം ജൂബിലി നിറവിൽ എത്തിച്ചേർന്ന നമ്മുടെ ഇടവകയുടെ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ 26.02.2006 ഞായറാഴ്ച ആരംഭിച്ച് 25.02.2007 ഞായറാഴ്ച സമാപിച്ചു. 75 വർഷ ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ആഘോഷ പരിപാടികൾ ഈ കാലയളവിൽ ഏറ്റം ഭംഗിയായി നടക്കപ്പെട്ടു.

2007 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ പിതാക്കന്മാരുടെ സഹകർമികത്വത്തിലും ആഘോഷപരമായ പൊന്തിഫിക്കൻ കുർബ്ബാന നടത്തപ്പെട്ടു. തുടർന്ന് അഭി. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിന്ന ജൂബിലി ആഘോഷങ്ങൾക്ക് തിരശ്ശീല വീണു. സമാപന സമ്മേളനത്തോടനുബന്ധിച്ച് ഇടവകജൂബിലി സുവനീറും പ്രസിദ്ധീകരിക്കുകയുണ്ടായി.

1999 മുതൽ 9 വർഷം ഇടവക വികാരിയായി നിസ്തുലമായി സേവനമനുഷ്ഠിച്ച ബഹു. ജോഷ്വാ പീടികയിൽ അച്ചൻ 11/05/2008 ൽ ഈ ഇടവകയിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതത്തിനായി തിരുവനന്തപുരം ക്ലെർജി ഹോമിലേക്ക് പോയി. 2005 മുതൽ 2006 വരെ ജോൺ ചെന്നേലിൽ അച്ചനും 2006 മുതൽ 2007 വരെ ലൂക്കോസ് കന്നിമേലച്ചനും 2007 മുതൽ 2008 വരെ ബഹു. തോമസ് പൊറ്റപ്പുരയിടം അച്ചനും അസിസ്റ്റന്റ് വികാരിമാരായി നമ്മുടെ ഇടവകയിൽ സേവനമനുഷ്ഠിച്ചു. 11/05/2008 മുതൽ ഈ ഇടവകയുടെ വികാരിയായി ജോസഫ് കളവിള അച്ചൻ ചാർജെടുത്തു. അച്ചന്റെ കാലത്താണ് നമ്മുടെ വിശ്വാസ പരിശീലന കാര്യാലയവും ഓഫീസ് സമുച്ചയവും പൂർത്തീകരിച്ചത് 25/04/2010 ൽ ബഹു. അച്ചൻ ഇവിടെ നിന്നും കോന്നിതാഴം ഇടവകയിലേക്ക് സ്ഥലം മാറുകയുണ്ടായി.

5/04/2010-ൽ ബെന്നി നാരകത്തിനാൽ അച്ചൻ ഇടവകവികാരിയി ചാർജജ്ജെടുത്തു. ഈ കാലയളവിൽ ഇദ്ദേഹം പത്തനംതിട്ട രൂപതയുടെ പി.ആർ.ഒ ആയും സി.ഡി. ഇൻസ്റ്റിറ്റിയൂട്ടിന്റെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. അച്ചന്റെ കാലത്താണ് എന്നും ഓർമ്മിക്കപ്പെടുന്ന രീതിയിൽ പോപ്പുലർ മിഷൻ ധ്യാനം നടത്തപ്പെട്ടത്. 12/5/2018-ൽ അച്ചൻ പുത്തൻപീടികയിലേക്ക് സ്ഥലം മാറിപ്പോയി ഈ കാലയളവിൽ തോമസ് പൊൻമേലിൽ അച്ചനും താമസിച്ച് സേവനമ്നുഷ്ഠിക്കുകയുണ്ടായി. 12.05.2013 മുതൽ പോൾ നിലക്കതെക്കേതിൽ അച്ചൻ ഇടവകയുടെ 21-ാം മത് വികാരിയായി ചാർജ്ജെടുത്തു. ഇടവക ജനങ്ങളെല്ലാം ആത്മീയമായും ഭൗതീകമായും ഒരു മനസ്സോടെകഴിഞ്ഞ ഒരു കാലഘട്ടമായിരുന്നു പിന്നീടുള്ള 3 വർഷം. പോളച്ചൻ സ്തുത്യർഹമായ സേവനത്തിനുശേഷം 2016 ജൂൺ 5-ാം തീയതി പുത്തൻപീടികയിലേക്ക് സ്ഥലം മാറി. നമ്മുടെ ഇടയിൽ താമസിച്ച് വിശ്രമജീവിതെ നയിച്ചുവന്ന വന്ദ്യ തോമസ് പൊൻമേലിൽ അച്ചൻ 01/11/2018 ൽ കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു.

2016 ജൂൺ 5 മുതൽ ജയിംസ് ഇലഞ്ഞിയ്ക്കൽ അച്ചൻ ഈ ഇടവകയിൽ വികാരിയായി

ചാർജെജജടുത്തു. 2017 ഡിസംബർ 16-ാം തീയതി ഷണിക്കപ്പെട്ട സദസ്സിന് മുമ്പാകെ തിരുവനന്തപുരം ആകാശവാണി നിലയത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ്ഗാനസന്ധ്യ (ശാന്തിഗീതം) നടത്തപ്പെട്ടു. 2019 ജനുവരി 4-ാം തീയതി നമ്മുടെ ഇടവകാംഗമായ തോമസ് വടക്കേക്കര അച്ചൻ പത്തനംതട്ട കത്തീഡ്രലിൽ വച്ച് നവവൈദീകനായി അഭിഷേകം ചെയ്യപ്പെട്ടു. 2018 ജനുവരി 5-ാം തീയതി മാതൃ ഇടവകയായ നമ്മുടെ ദൈവാലയത്തിൽ വച്ച് പ്രഥമ ദിവ്യബലിയർപ്പണം നടത്തി. മൂന്ന് വർഷക്കാലം ഇടവകയിൽ സേവനമനുഷ്ഠിച്ച ജയിംസച്ചൻ 22/7/2019 ൽ മണ്ണിറ ഇടവക വികാരിയായി സ്ഥലം മാറിപ്പോയി.

2017-18 കാലയളവിൽ തോമസ് നെടുമാംകുഴിയച്ചനും 2018-19 കാലയളവിൽ റോണി കിഴക്കേടത്ത് അച്ചനും ഇടവകയുടെ അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. 27/7/2019 മുതൽ വർഗീസ് കുത്തനേത്ത് അച്ചൻ ഇടവക വികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു. 15/1/2020 മുതൽ ബഹു. ജിതിൻ തടത്തിലച്ചൻ ഇടവകയുടെ സഹവികാരിയായി സേവനമനുഷ്ഠിച്ചു വരുന്നു.

**ഇടവക വൈദീകർ**

പ്ലാറ്റിനം ജൂബിലി നിറവിലെത്തിയ നമ്മുടെ ഇടവക ജന്മം നൽകിയ വൈദീക ശ്രേഷ്ഠർ മലങ്കര കത്തോലിക്കാ സഭയിൽ ആദ്ധ്യാത്മീക രംഗത്തും വിദ്യാഭ്യാസ രംഗത്തും, സാമൂഹിക-സാംസ്കാരിക രംഗത്തും തനതായ വ്യക്തി മുദ്ര പതിപ്പിച്ചിട്ടുണ്ട്.

**1. റവ. ഫാ. ഇടിച്ചെറിയാ തോമസ് വടക്കേക്കര –** വടക്കേകര ഇടിച്ചെറിയായുടെയും സാറാമ്മയുടെയും മകനായ അച്ചൻ ഇലന്തൂരിൽ പുനരൈക്യപ്രസ്ഥാനത്തിനു നേതൃത്വം നൽകിയ വൈദീകനാണ്. 1932 മുതൽ 1935 വരെ നമ്മുടെ ഇടവക വികാരി അതിനു മുമ്പ് കാരൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു. 1937 നവംബർ മാസം 9-ാം തീയതി 47-ാം വയസ്സിൽ ദിവംഗതനായി. ഭൗതീക ശരീരം നമ്മുടെ ഇടവക സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**2. ഫാ. ജോബ് തെങ്ങുംതറ ഒ.ഐ.സി. (പൊയ്കിയൽ ജോബ് അച്ചൻ) –** പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭദിശയിൽ നേതൃത്വം നൽകി. 1935 മുതൽ 1940 വരെ നമ്മുടെ ഇടവക വികാരി. 1959 ഫെബ്രുവരി 18-ാം തീയതി ദിവംഗതനായി. തിരുവല്ല ബഥനി ആശ്രമ സെമിത്തേരിയിൽ അച്ചന്റെ ഭാതീക ശരീരം അടക്കം ചെയ്തിരിക്കുന്നു.

**3. ഫാ. പി.കെ. തോമസ് പതാലിൽ –** കൊല്ലന്റേത്ത് പ്ലാംമൂട്ടിൽ പുത്തൻപുരയിൽ ഗീവർഗീസ് കൊച്ചിട്ടിയുടെ മകനായ അച്ചൻ കോട്ടയം എം.ഡി. സെമിനാരിയിൽ നിന്നും വൈദിക പഠനം പൂർത്തിയാക്കിയതിനുശേഷം അഭിവന്ദ്യ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്നും പരുമലപള്ളിയിൽ വച്ച് കശ്ശീശപട്ടം സ്വീകിരിച്ചു. തോട്ടപുറം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ദീർഘകാലം വികാരിയായി സേവനം അനുഷ്ഠിച്ചു. 1927 കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനിയുടെ ആഹ്വാനമനുസരിച്ച് ധാരാളം വൈദീകരും, വിശ്വാസികളും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടപ്പോൾ തോമസ് അച്ചനും കത്തോലിക്കാ സഭയിൽ ചേർന്നു. ആറന്മുള ലത്തീൻ കത്തോലിക്കാ പള്ളിയിലും അച്ചൻ വികാരിയായി പ്രവർത്തിച്ചു. 1970 ഫെബ്രുവരി മാസം 4-ാം തീയതി അച്ചൻ ദിവംഗതനായി. നമ്മുടെ ഇടവക സെമിത്തേരിയിൽ അച്ചന്റെ മൃതശരീരം അന്ത്യവിശ്രമം കൊള്ളുന്നു.

**4. ഫാ. ജോർജ്ജ് മുത്തേരിൽ –** വടക്കേക്കര ഇടിച്ചെറിയാ തോമസ് കത്തനാരുടെ സഹോദരനായ സ്കറിയായുടെയും ഏലിയാമ്മയുടെയും മകനായ ജോർജ്ജച്ചൻ തിരുവനന്തപുരം മൈനർ സെമിനാരിയിയും സിലോൺ കാന്റി സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കിയതിനുശേഷം 1955 മെയ്മാസം 30-ാം തീയതി വൈദീക പട്ടം സ്വീകരിച്ചു. അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായും പല ഇടവകകളിലും വികാരിയായും പ്രവർത്തിച്ചിട്ടുണ്ട്. മദ്രാസിൽ നിന്നും എം.എഡ് പാസായതിനുശേഷം തിരുവനന്തപുരം മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ് വൈസ് പ്രിൻസിപ്പളായും, പ്രിൻസിപ്പളായും

സേവം അനുഷഠിച്ചു. അമേരിക്കയിൽ ഉപരി പഠനംപൂർത്തിയാക്കിയ ബഹു. അച്ചന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് തിരുവന്തപുരം സർവോദയാ സ്കൂൾ. അതിന്റെ സ്ഥാപക പ്രിൻസിപ്പളായിരുന്ന ബഹു. അച്ചൻ മലങ്കര കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ ചെയ്ത സേവനം അനുപമമാണ്. 1995 ജൂലൈ മാസം 16-ാം തീയതി ജോർജ്ജ് അച്ചൻ ദിവംഗതനായി. ബഹു.അച്ചന്റെ സ്മരണ നിലനിർത്തുന്നതിനായി ഫ. ജോർജ്ജ് മുത്തേ രിൽ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന പേരിൽ ഒരു ട്രസ്റ്റ് പ്രവർത്തിക്കുന്നു. ബഹു.അച്ചന്റെ ഭൗതീക ശരീരം നമ്മുടെ ദേവാലയത്തിനു സമീപം അന്ത്യവിശ്രമം കൊള്ളുന്നു.

**5. ഫാ.ആമ്പ്രോസ് മൂത്തേരിൽ ഒ.ഐ.സി. –** വടക്കേകര ഇടിച്ചെറിയാ തോമസ് കത്തനാരുടെ സഹോദരനായ സ്കറിയായുടെയും ഏലിയാമ്മയുടെയും മകനായ അംബ്രോസ് അച്ചൻ പൂനാ സെമിനാരിയിലാണ് വൈദികപഠനം പൂർത്തിയാക്കിയത്. ഫാ.ജോർജ്ജ് മൂത്തേരിലിന്റെ ഇളയ സഹോദരനാണ് ഇദ്ദേഹം. 1960 ഒക്ടോബർ മാസം 3-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. 1965-ൽ കറ്റാനം പോപ് പയസ് 11 ഹൈസ്കൂൾ അദ്ധ്യാപകനായി. തുടർന്ന് അമേരിക്കയിൽ നിന്നും അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ഡിഗ്രി എടുത്തതിനുശേഷം ചെറുകുളഞ്ഞി ബഥനി ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി 4 വർഷം സേവനമനുഷ്ഠിച്ചു. പിന്നീട് ബഥനി ആശ്രമം ജനറലേറ്റിലെ സെക്കന്റ് കൗൺസിലറായും കോട്ടയം ഗിരിദീപം ഹൈസ്കൂൾ അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിച്ചു. തുടർന്ന് മൈലപ്ര മൗണ്ട് ബഥനി ഹൈസ്കൂൾ പ്രിസിപ്പലായും, നാലാഞ്ചിറ ബഥനി കോളേജ് പ്രിൻസിപ്പാലായും സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. പിന്നീട് അമേരിക്കയിൽ പോകുകയും അവിടെ വയോജനങ്ങൾക്കായുള്ള സ്ഥാപനത്തിന്റെ ചാപ്ലിനായും പ്രവർത്തിച്ചു. 2016 ഫെബ്രുവരി 18-ാം തീയതി അച്ചൻ ദിവാംഗതനായി. മൃതശരീരം നാലാഞ്ചിറ ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

**6. റവ. ഫാ.ഡൊമനിക് ഒടാലിൽ ഒ.ഐ.സി. –** ഒടാലിൽ പുത്തൻവീട്ടിൽ മത്തായിയുടെയും ശോശാമ്മയുടെയും മകനായ ഡൊമനിക്ക് അച്ചൻ പൂനാ പേപ്പൽ സെമിനാരിയിലാണ് വൈദികപഠനം പൂർത്തിയാക്കിയത്. 1962 ഒക്ടോബർ മാസം 3-ാം തീയതി വൈദികനായി അഭിഷക്തനായി. തുടർന്ന് തിരുനവനന്തപുരം ബഥനി ആശ്രമത്തിൽ താമസിച്ചുകൊണ്ട് മിഷൻ പ്രവർത്തനം ആരംഭിച്ചു. മീനങ്ങാടി, ആലുവാ, മുക്കമ്പാല എന്നീ ആശ്രമങ്ങളിൽ സുപ്പീരയറായി സേവനം അനുഷ്ഠിച്ചു. പൂനാ ബഥനി ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികളുടെ റെക്ടറായും ബഥനി സമൂഹത്തിന്റെ പൊതുഭരണ സമിതിയിൽ പ്രൊക്കുറേറ്റർ ജനറലായും ഒന്നാം കൗൺസിലറായും, വികാരി ജനറലായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ന്യൂയോർക്ക് ഫോർഡം യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം പാസായതിനുശേഷം തിരുവനന്തപുരം മാർ തെയോഫിലോൻ ട്രെയിനിംഗ് കോളേജ് ബിരുദാനന്തര ബിരുദം നേടിയതിനുശേഷം മൈലപ്രാ മൗണ്ട് ബഥനി ഹൈസ്കൂൾ പ്രിൻപ്പലായും, കുമ്പഴ ഇടവക വികാരിയായും പ്രവർത്തിച്ചു. തിരുവനന്തപുരം, തിരുവല്ല, ബത്തേരി, മാർത്താണ്ഡം എന്നീ നാലു രൂപതകളിൽ മിഷൻ പ്രവർത്തനം നടത്തുവാൻ അച്ചൻ ഭാഗ്യം സിദ്ധിച്ചു. കറ്റാനം ബഥനി ആശ്രമത്തിന്റെ സൂപ്പീരയറായും കറ്റാനം ഇടവക വികാരിയായും പ്രവർത്തിച്ചുവരവെ 1997 നവംബർ 18-ാം തീയതി അച്ചൻ നിര്യാതനായി. മൃതശരീരം തിരുവല്ല ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

**7. ഫാ. വർഗീസ് ജോർജ്ജ് ഇടത്തിൽ** – അയിരുക്കുഴിയിൽ ഇടത്തിൽ ശ്രീ.യോഹന്നാൻ കോശിയുടെയും മറിയാമ്മ കോശിയുടെയും മകനായ വർഗീസ് അച്ചൻ 1964 ഡിസംബർ 2-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. അച്ചൻ പെരുനാട്, പുത്തൻകാവ്, ചാത്തന്നൂർ, ഓമല്ലൂർ ഇടവകകളിൽ വികാരിയായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു. അതിനുശേഷം അമേരിക്കയിലേക്ക് പോവുകയും ഫിലാഡൽഫിയായിലെ പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. അമേരിക്കയിൽ സേവനമനുഷ്ഠിച്ചു വരവെ 1996 മെയ് മാസം 2-ാം തീയതി ദിവംഗതനായി. അച്ചന്റെ ഭൗതീക ശരീരം നമ്മുടെ ദൈവാലയത്തിനു സമീപം അന്ത്യവിശ്രമം കൊള്ളുന്നു.

**8. ഫാ. ക്രിസ്റ്റി തേവള്ളിൽ –** ഇലന്തൂർ തേവള്ളിൽ റ്റി.എം. ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും മകനായ ക്രിസ്റ്റി അച്ചൻ ആലുവ പൊന്തിഫിക്കർ സെമിനാരിയിലാണ് വൈദിക പഠനം പൂർത്തിയാക്കിയത്. 1987 ഡിസംബർ 27-ാം തീയതി വൈദീകനായി അഭിഷക്തനായി. ആദ്യമായി സീതത്തോട് ഇടവകയുടെ അസ്സി.

വികാരിയായി. ഹരിപ്പാട്, വഴുതാനം, പള്ളിപ്പാട്, കാരിച്ചാൽ ഇടവകകളുടെ വികാരിയായി. അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെയും, അഭിവന്ദ്യ ലോറൻസ് പിതാവിന്റെയും, അഭിവന്ദ്യ ബസേലിയോസ് പിതാവിന്റെയും സെക്രട്ടറിയായി പ്രവർത്തിക്കുവാൻ അച്ചന് ഭാഗ്യം സിദ്ധിച്ചു. ഈ കാലഘട്ടത്തിൽ 9 മിഷനുകളുടെ ചുമതലയും വഹിച്ചു. കഴിഞ്ഞ 10 വർഷമായി സീതത്തോട്, വയ്യാറ്റുപുഴ, ഗുരുനാഥൻമണ്ണ് എന്നീ ഇടവകകളുടെ വികാരിയായി സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുന്നു. മാർ ഇവാനിയോസ് ഐ.റ്റി.സി.യുടെ ഡയക്ടർ, മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജണൽ ഡയറക്ടർ, ദർശനാ സെന്റർ ഡയറക്ടർ, സീതത്തോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. സിസ്റ്റർ നോയലിന്റെ ഇരട്ട സഹോദരനാണ്. ബഹു.ക്രിസ്റ്റി അച്ചൻ.

**9. റവ.ഡോ.തോമസ് മനോജ് ഒടാലിൽ ഒ.ഐ.സി.** - ഒടാലിൽ പുത്തൻവീട്ടിൽ ചാക്കോയുടെയും അന്നാമ്മയുടെയും മകനായ മനോജ് അച്ചൻ പൂനാ സെമിനാരിയിലാണ് വൈദികപഠനം പൂർത്തിയാക്കിയത്. ഫാ.ഡൊമനിക്ക് ഒടാലിന്റെ സഹോദര പുത്രനാണ്. 1988 ഒക്ടോബർ 19-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. 1988 മുതൽ 1990 വരെ നാലാഞ്ചിറ ആശ്രമത്തിൽ വൈദീക വിദ്യാർത്ഥികളുടെ റെക്ടാറായി പ്രവർത്തിച്ചു. 1990-1992 കാലഘട്ടത്തിൽ ആലുവ നൊവിഷ്യേറ്റ് ഹൗസിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. 1992-93 ൽ കല്ലാർ ആശ്രമത്തിൽ താമസിച്ചുകൊണ്ട് രമാൽക്കൽമേട്, കാവാന്തി, കല്ലാർ ഇടവകകളുടെ വികാരിയായി പ്രവർത്തിച്ചു. 1993-95 വരെ റോമിലെ ഒറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം നടത്തി. തുടർന്ന് 1925-96-ൽ ജർമ്മനിയിലെ ഫിലിപ്പ് യൂണിവേഴ്സിറ്റിയിൽ നിന്നും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി. 1999 ൽ റോമിൽ നിന്നും ഡോക്ടറേറ്റ് നേടിയതിനുശേഷം 2000 ജൂൺ മാസം വരെ പൂനാ സെമിനാരിയുടെ വൈസ് റെക്ടഡറായി സേവനം അനുഷ്ഠിച്ചു. 2000-01 ൽ തിരുവല്ല ആശ്രമത്തിൽ താമസിച്ചുകൊണ്ട് ബഥനി നവജ്യോതി പ്രൊവിൻസിന്റെ വൈസ് പ്രൊവിൻഷ്യലായി പ്രവർത്തിച്ചു. 2001 മുതൽ 2006 വരെ ആലുവാ ആശമത്തിൽ വൈസ് പ്രൊവിൻഷ്യലായും പ്രൊവിൻഷ്യൽ പ്രോക്കുറേറ്ററായും പ്രവർത്തിച്ചു. 2006 ഏപ്രിൽ മുതൽ കോട്ടയം ഗിരിദീപം ബഥനി സെൻട്രൽ സ്കൂൾ, ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ലേണിംഗ് എന്നിവയുടെ ഡയറക്ടറായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു.

**10. ഫാ. തോമസ് വടക്കേക്കര –** വടക്കേക്കര പരേതനായ റ്റി.വി. വർഗീസിന്റെയും ത്രേസ്യാമ്മ വർഗീസിന്റെയും മകനായ തോമസ് വടക്കേക്കര അച്ചൻ വൈദീക പഠനം പൂർത്തിയാക്കി 2019 ജനുവരി 4-ാം തീയതി നവവൈദീകനായി അഭിഷേകം ചെയ്യപ്പെട്ടു. 2019 ജനുവരി 5-ാം തീയതി ഈ ഇടവകയിൽ വച്ച് പ്രഥമ ദിവ്യബലിയർപ്പണം നടത്തി ഈ കൂട്ടായ്മയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയ വടക്കേക്കര ഇടിചെറിയ തോമസ് അച്ചന്റെ കുടുംബത്തിൽപ്പെട്ട അച്ചൻ ഇപ്പോൾ ഗുഡ്ഗാവ് രൂപതയിൽ സേവനം അനുഷ്ഠിക്കുന്നു.

**ഇടവകയിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾ**

കണ്ടത്തിൽ ബഹു. ജോസഫ് ശെമ്മാശനും, ഓടാലിൽ ബഹു. റോഷൻ ശെമ്മാശനും ഈ ഇടവകയിൽ നിന്നുള്ള വൈദീക വിദ്യാർത്ഥികളാണ്.

**1. സിസ്റ്റർ തൈബൂസ് എസ്.ഐ.സി. –** ഇലന്തൂർ കൈമണ്ണിലക്കുഴിയിൽ കുടുംബാംഗമായ സിസ്റ്റർ 1942 മെയ് 6-ാം തീയതി ആദ്യവ്രത വാഗ്ദാനം ചെയ്ത് മാർ ഇവാനിയോസ് പിതാവിൽ നിന്നും സിസ്റ്റർ തൈബൂസ് എന്ന നാമം സ്വീകരിച്ചു. 1949 മെയ് 8-ന് നിത്യവ്രത വാഗ്ദാനം നടത്തി. എം.എം.സ്കൂൾ അരുവിയോട്, ബി.ബി.എച്.എസ്. നഞ്ച്യാർകുളങ്ങര, സെന്റ് ആൻസ് ഹൈസ്കൂൾ ചെങ്ങന്നൂർ, സെന്റ് മേരീസ് ഹൈസ്കൂൾ കായംകുളം, സെന്റ് ഗൊരെത്തി ഹൈസ്കൂൾ നാലാഞ്ചിറ, എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു. 1963-ൽ ബി.എ. ബിരുദം നേടിയ സിസ്റ്റർ 1965-ൽ നഞ്ച്യാർകുളങ്ങര മഠത്തിന്റെയും 1978-ൽ ഇരേഴ ബഥനി മഠത്തിന്റെയും 1981-ൽ കുടശ്ശനാട് ബഥനി മഠത്തിന്റെയും സുപ്പീരയറായി പ്രവർത്തിച്ചു. 1981-82 കുറവൻകോണം ഇൻഫന്റ് ജീസസ് സ്കൂളിന്റെ ഹെഡ്മിസ്രസ്സ് ആയും പ്രവർത്തിച്ചു.

1990-ൽ നാഗർരോവിൽ മഠാംഗമായി. 1993 ഫെബ്രുവരി മാസം മുതൽ നാലാഞ്ചിറ ബഥനി മഠത്തിൽ വിശ്രമ ജീവിതം നയിക്കുന്നു. ബഥനി സമൂഹത്തിന്റെ വളർച്ചയുടെ ആദ്യഘട്ടം മുതൽ അദ്ധ്യാപന രംഗത്തും മിഷൻ പ്രവർത്തന രംഗത്തും ബഹു.സിസ്റ്റർ നിസ്തുല്യമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

**2. സിസ്റ്റർ നോയൽ എസ്.ഐ.സി. –** തേവള്ളിൽ റ്റി.എം. ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും മകളായ സിസ്റ്റർ 1980-ൽ മഠത്തിൽ ചേരുകയും 1983 മെയ് മാസം 11-ന് ആദ്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. 1991 മെയ് 1-ന് നിത്യവ്രതം സ്വീകരിച്ചു. ആങ്ങമൂഴി വടശ്ശേരിക്കര, പാളയം, കായംകുളം,ചെങ്ങന്നൂർ മഠങ്ങളിൽ പ്രവർത്തിക്കുകയും അതിനോടൊപ്പം പ്രസ്തുത സ്ഥലങ്ങളിലെ സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഇപ്പോൾ നഞ്ഞാർകുളങ്ങര ബഥനി മഠത്തിന്റെ സുപ്പീരയറായും, സ്കൂൾ അദ്ധ്യാപികയായും സേവനം അനുഷ്ഠിക്കുന്നു. മാവേലിക്കര വൈദിക ജില്ല സണ്ടേസ്കൂൾ ആനിമേറ്ററായും പ്രവർത്തിക്കുന്നു. ഫാ.ക്രിസ്റ്റി തേവള്ളിലിന്റെ ഇരട്ടസഹോദരിയാണ് സിസ്റ്റർ.

**3. സിസ്റ്റർ ഷാരോൺ എസ്.ഐ.സി.** – ഇലന്തൂർ താവളത്തിൽ വി.കെ. മാത്യുവിന്റെയും ഏലിയാമ്മയുടെയും മകളായ സിസ്റ്റർ 1997 മെയ് മാസം 2-ാം തീയതി ആദ്യവ്രതം സ്വീകരിച്ചു. 1997 മുതൽ 2000 വരെ തിയോളജി പഠനം പൂർത്തിയാക്കിയതിനുശേഷം 2002 വരെ മാവേലിക്കര പുതിയകാവ് മഠത്തിൽ സേവനം അനുഷ്ഠിച്ചു. 2002-2003-ൽ ചന്ദനപ്പള്ളി വിമലമാതാ എൽ.പി.സ്കൂളിൽ ഹെഡ്മിസ്രസ്സായി സേവനം അനുഷ്ഠിച്ചു. 2003 ൽ നിത്യവ്രതം സ്വീകരിച്ചു. പിന്നീട് എം.എ. പാസ്സായതിനുശേഷം 2005-06 കാലഘട്ടിൽ ചെങ്ങന്നൂർ സെന്റ് ആൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ സിസ്റ്റർ ഇൻ-ചാർജ്ജായി പ്രവർത്തിച്ചു.

**4. സിസ്റ്റർ ജ്യൂബില എസ്.ഐ.സി. –** മാലേത്ത് എം.സി. വർഗീസിന്റെയും റേച്ചൽ വർഗീസിന്റെയും മകളായ സിസ്റ്റർ ജ്യൂബില 1999 മെയ് മാസം 2-ാം തീയതി ആദ്യവ്രതം സ്വീകരിച്ചു. നാൽ വർഷം നാലാഞ്ചിറ ബഥനി മഠത്തിലും ഒരു വർഷം കോട്ടയം ബഥനി മഠത്തിലും രണ്ട് വർഷം മദ്രാസ് ബഥനി മഠത്തിലും പ്രവർത്തിച്ചു. 2005 മെയ് മാസം രണ്ടാം തീയതി നിത്യവ്രതവും സ്വീകരിച്ചു.

ഭാഗ്യസ്മരണീയരും പുണ്യശ്ലോകന്മാരുമായ മാർ ഇവാനിയോസ് പിതാവും, മാർ ഗ്രിഗോറിയോസ് പിതാവും, മാർ ബസേലിയോസ് പിതാവും തെളിച്ചു തന്ന വിശ്വാസ ദീപത്തിന്റെ അനഗ്രഹ സ്പർശം ഏറ്റുവാങ്ങിയവാരാണ് ഇലന്തൂർ സെന്റ് പാട്രിക് മലങ്കര കത്തോലിക്കാ ഇടവകാംഗങ്ങൾ. ഈ അവസരത്തിൽ നമുക്കായി സ്വർഗ്ഗത്തിൽ മദ്ധ്യസ്ഥം വഹിക്കുന്ന സഭാപിതാകന്മാരേയും നമ്മെ നയിച്ച് നമ്മെവിട്ടുപിരിഞ്ഞ വൈദിക ശ്രേഷ്ഠരേയും മാതാപിതാക്കളേയും നന്ദിയോടെ സ്മരിക്കുന്നു.